*"ഭരണഭാഷ–മാതൃഭാഷ "*

**ഇ13–3909/2012**

**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**തിരുവനന്തപുരം, തീയതി: 20.04.2013**

**<u>സർക്കുലർ</u>**

***വിഷയം:–*** പഞ്ചായത്ത് വകുപ്പ് – ജീവനക്കാര്യം – ഹെഡ് ക്ലാർക്ക് / അക്കൗണ്ടന്റ്– അനോമലി ഒഴിവാക്കികൊണ്ടുള്ള പ്രൊമോഷൻ –നിർദ്ദേശങ്ങൾ നൽകി–സർക്കുലർ പുറപ്പെടുവിക്കുന്നു.

***പരാമർശം:–***
1) സർക്കാരിന്റെ 26.06.2009 ലെ ജി.ഒ (എം.എസ്) 118/2009/തസ്വഭവ നമ്പർ ഉത്തരവ്.
2) സർക്കാരിന്റെ 06.02.20113 ലെ ജി.ഒ (എം.എസ്) 50/2013/തസ്വഭവ നമ്പർ ഉത്തരവ്.

പരാമർശ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് തസ്തികകൾ സൃഷ്ടിക്കുകയും പ്രസ്തുത തസ്തികകൾ യു.ഡി.ക്ലാർക്കുമാരിൽ നിന്നും താത്കാലിക പ്രൊമോഷൻ വഴി നികത്തുന്നതിനും ഉത്തരവായിരുന്നു. ഇതിനെ തുടർന്ന് അക്കൗണ്ടന്റ് തസ്തികയിലേക്ക് യു.ഡി.ക്ലാർക്കുമാരിൽ നിന്നും ഓപ്ഷൻ ക്ഷണിക്കുകയും, ഓപ്ഷൻ നൽകിയവർക്ക് അക്കൗണ്ടന്റ് തസ്തികയിൽ നിയമനം നൽകി വരുകയും ചെയ്യുന്നു.. ഓപ്ക്ഷൻ നൽകിയ പ്രകാരം സീനിയറായിട്ടുള്ള യു.ഡി.ക്ലാർക്കുമാർ അക്കൗണ്ടന്റ് തസ്തികയിൽ എത്തപ്പെടുകയും ഓപ്ഷൻ നൽകാതിരുന്ന ജൂനിയറായിട്ടുള്ള യു.ഡി.ക്ലാർക്കുമാർ ഹെഡ് ക്ലാർക്ക് തസ്തികയിൽ നിയമിതരാകുകയും ചെയ്യുന്ന അവസ്ഥയാണ് നിലവിലുള്ളത്. പല ഗ്രാമപഞ്ചായത്തുകളിലും സീനിയറായ അക്കൗണ്ടന്റിനേക്കാൾ ജൂനിയറായ ഹെഡ് ക്ലാർക്കുമാർ സൂപ്പർവൈസറി തസ്തികയിൽ എത്തപ്പെടുന്നതു കൂടാതെ ചില അവസരങ്ങളിൽ സെക്രട്ടറിയുടെ അധിക ചുമതല നിർവഹിച്ചുവരുകയും ചെയ്യുന്നു. ഇപ്രകാരം ടി തസ്തികകളിലെ പ്രൊമോഷൻ നിയമന രീതിയിൽ കാര്യമായ അനോമലി നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രസ്തുത അനോമലി പരിഹരിക്കുന്നതിന് സീനിയറായവരെ മാത്രം ഹെഡ് ക്ലാർക്ക് തസ്തികയിൽ നിലനിർത്തി അക്കൗണ്ടന്റ് തസ്തികയിൽ ഓപ്ഷൻ മുഖാന്തിരം ജൂനിയേഴ്സിന് താത്കാലിക പ്രൊമോഷൻ നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ഓപ്ഷൻ നൽകി താത്കാലികമായി അക്കൗണ്ടന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നവർക്കും അക്കൗണ്ടന്റ് തസ്തികയിൽ ഓപ്ഷൻ നൽകാതെ യു.ഡി.ക്ലാർക്കായി തുടരുന്നവർക്കും യു.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പരിഗണിച്ച് മാത്രമെ ഹെഡ് ക്ലാർക്ക് തസ്തികയിലേക്ക് റഗുലർ പ്രൊമോഷൻ ലഭിക്കുകയുള്ളൂ.. ഈ സാഹചര്യത്തിൽ അക്കൗണ്ടന്റ് തസ്തികയിലേക്ക് നിലവിൽ

നൽകിയിട്ടുള്ള ഓപ്ഷൻ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. അപ്രകാരം ഓപ്ഷൻ നൽകിയവർ അക്കൗണ്ടന്റ് തസ്തികയിലേക്ക് താത്കാലിക പ്രൊമോഷൻ ആഗ്രഹിക്കുന്നപക്ഷം ആയത് വീണ്ടും നൽകേണ്ടതാണ്.

യു.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പർ 4620 മുതൽ 6733 വരെയുള്ളവർക്ക് അക്കൗണ്ടന്റ് തസ്തികയിലേക്ക് താത്കാലിക പ്രൊമോഷന് ഓപ്ഷൻ നൽകാവുന്നതാണ്.ആയതിന് ഇതോടൊപ്പം തയ്യാറാക്കിയിട്ടുള്ള നിശ്ചിത പ്രൊഫോർമയിൽ ഓപ്ഷൻ തയ്യാറാക്കി ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ 27.04.2013 ന് മുമ്പ് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഓപ്ഷൻ നൽകിയവരുടെ പട്ടിക സീനിയോറിറ്റി ക്രമത്തിൽ ക്രോഡീകരിച്ച് 30.04.2013ന് മുമ്പായി പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ പ്രത്യേക ദൂതൻ മുഖാന്തിരം എത്തിക്കേണ്ടതാണ്. യാതൊരുകാരണവശാലും മേൽ സമയപരിധി ദീർഘിപ്പിച്ചു നൽകുന്നതല്ല.

***<u>അക്കൗണ്ടന്റ് തസ്തികയിലേക്ക് താത്കാലിക പ്രൊമോഷൻ നൽകുന്നതിനുള്ള</u>***

***<u>ഓപ്ഷൻ ഫാറം</u>***

1) ജീവനക്കാരന്റെ പേര് –
2) ഇപ്പോഴത്തെ തസ്തികയും ഓഫീസ് മേൽ വിലാസവും –
3) ജനനതീയതി –
4) യൂ.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി നമ്പർ –
5) താമസിക്കുന്ന ജില്ലയും ബ്ലോക്കും–

## *<u>സത്യപ്രസ്താവന</u>*

……………. ഗ്രാമ പഞ്ചായത്തിൽ / ഓഫീസിൽ നിലവിൽ യൂ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിക്കുന്ന എനിക്ക് യു.ഡി.ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റി പ്രകാരം ഹെഡ് ക്ലാർക്ക് തസ്തികയിൽ റഗുലർ പ്രൊമോഷൻ ലഭിക്കുന്നതുവരെ അക്കൗണ്ടന്റ് തസ്തികയിൽ താത്കാലിക സ്ഥാനകയറ്റം ലഭിച്ചാൽ ആയത് സ്വീകരിച്ചു കൊള്ളാമെന്ന് ഇതിനാൽ സമ്മതിച്ചുകൊള്ളുന്നു.

*ഒപ്പ്*

*സ്ഥലം:*
*തീയതി:*

*ഓഫീസ് മേധാവിയുടെ മേലൊപ്പ്*

മേൽ നിർദ്ദേശം ബന്ധപ്പെട്ട എല്ലാ ജീവനക്കാരെയും യഥാസമയം അറിയിച്ച് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ സ്വീകരിക്കേണ്ടതാണ്.

*വിശ്വസ്തതയോടെ*

*(ഒപ്പ്)*
*ജെ.ആർ.ഗോപകുമാർ*
*പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ*

*ഉത്തരവിൻ പ്രകാരം*

*സൂപ്രണ്ട്*